**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3992

19.03.2018- ൽ മറുപടിയ്ക്ക്

## കാസർകോട് ജില്ലയിൽ അടക്കത്തബയൽ വില്ലേജിൽ പെട്ട മൈതാനം

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കാസർകോട് ജില്ലയിൽ അടക്കത്തബയൽ വില്ലേജിൽ റീസർവ്വെ നമ്പർ 63/482 ൽ പെട്ട മൈതാനം ഇപ്പോൾ ആരുടെ അധീനതയിലും ഉടമസ്ഥതയിലുമാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ, കാസർഗോഡ് താലൂക്കിൽ, അടുക്കത്ത്ബയൽ വില്ലേജിൽ റീ.സ.നം. 63/4 ബി2-ൽപ്പെട്ട മൈതാനം റവന്യൂ വകുപ്പിന്റെ അധീനതയിലും ഉടമസ്ഥതയിലുമുള്ളതാണ്. |
| (ബി) ഈ മൈതാനം ആർക്കെങ്കിലും പാട്ടത്തിനു നൽകിയിട്ടുണ്ടോ എന്നും, ലീസ് വാടക എത്രയാണെന്നും വ്യക്തമാക്കാമോ;<br><br>(സി) ഏത് വർഷമാണ് പാട്ടത്തിനു നൽകിയതെന്നും, പാട്ടത്തിനു നൽകിയ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ? | (ബി)<br>&<br>(സി) | സ.ഉ (എം.എസ്) 236/05/ആർ.ഡി തീയതി. 25/07/2005 നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് താലൂക്കിൽ, അടുക്കത്ത്ബയൽ വില്ലേജിൽ റീ.സ.നം. 63/4 ബി2 ൽപ്പെട്ട 02.875 ഏക്കർ സ്ഥലം കാസർഗോഡ് മുൻസിപ്പാലിറ്റിക്ക് 99 വർഷത്തേയ്ക്ക് 2,80,750/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടത്തിന് അനുവദിച്ചിട്ടുള്ളതാണ്. |
| (ഡി) പാട്ടത്തിനു സ്ഥലമെടുത്തവർ ആരെന്നും പ്രസ്തുത സ്ഥലത്തു നിന്ന് ഇതുവരെ ലഭിച്ചതും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതുമായ വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത സ്ഥലം സെക്രട്ടറി, കാസർഗോഡ് മുൻസിപ്പാലിറ്റി എന്നവർക്കാണ് പാട്ടത്തിന് അനുവദിച്ചിട്ടുള്ളത്. പാട്ടവാടക ഇനത്തിൽ 2016-17 സാമ്പത്തിക വർഷം വരെ വാർഷിക പാട്ടനിരക്കായ 2,80,750/- രൂപ മുൻസിപ്പാലിറ്റി ഒടുക്ക് വരുത്തിയിട്ടുണ്ട്. |
| (ഇ) ലീസ് വാടക കുറയ്ക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(എഫ്) എങ്കിൽ ആരുടെ അപേക്ഷയാണ് ലഭിച്ചതെന്നും ഈ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ? | (ഇ)<br>&<br>(എഫ്) | ഉണ്ട്.<br>നാമമാത്രമായ നിരക്കിൽ പാട്ടവാടക നിശ്ചയിച്ചു നൽകണമെന്ന് കാസർഗോഡ് നഗരസഭാ ചെയർപേഴ്സൺ അപേക്ഷ സമർപ്പിച്ചിരുന്നതും ആയത് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് മൈതാനം ഏതെല്ലാം ആവശ്യങ്ങൾക്കാണ് നഗരസഭ ഉപയോഗിക്കുന്നതെന്നും അതിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ നഗരസഭയ്ക്ക് വരുമാനം ലഭിച്ചുവെന്നുമുള്ള വിവരങ്ങൾ അറിയിക്കുവാൻ (ജില്ലാ കളക്ടർ കാസർഗോഡ് തഹസിൽദാർ മുഖാന്തിരം) കാസർഗോഡ് മുൻസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത വിവരം നാളിതുവരെ മുൻസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**